## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2350

12/03/2020 ൽ മറുപടിക്ക്

### പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ദാസൻ | | എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പ് വഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ; | (എ) | 1) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം<br>ഈ പദ്ധതിയിൽ 25000/- രൂപയുടെ രണ്ട് ഗഡുക്കളായാണ് ആനുകൂല്യം അനുവദിക്കുന്നത്. ഒന്നാം ഗഡു അനുവദിച്ചതിന് ശേഷം ഒരു ലക്ഷം രൂപയിൽ കുറയാത്ത തൊഴിൽ നവീകരണങ്ങൾ ചെയ്യുന്നതിന്റെ രേഖകൾ ഹാജരാക്കുകയും തുടർന്ന് ഫീൽഡ് സന്ദർശനം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഗഡു അനുവദിച്ച് നൽകുന്നത്.<br>2) കുംഭാര കോളനി നവീകരണം<br>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പരമാവധി 1 കോടി രൂപ വരെ അനുവദിക്കുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര രൂപയുടെ ആനുകൂല്യം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിലെ മൺപാത്ര തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്, വിശദമാക്കാമോ? | (ബി) | മൺപാത്ര നിർമ്മാണ മേഖലയിൽ താഴെ പറയും പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് .<br>2016 -17 സാമ്പത്തിക വർഷം 9,00,000 രൂപ.<br>2017- 18 സാമ്പത്തിക വർഷം 2,52,000 രൂപ.<br>2018 19 സാമ്പത്തിക വർഷം ആനുകൂല്യം നൽകിയിട്ടില്ല<br>നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 8 പേർക്ക് ഇരുപത്തിഅയ്യായിരം രൂപ വീതം ആകെ രണ്ട് ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ